**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ - ചേരികളിൽ താമസിക്കുന്നവരും ഭൂരഹിതരുമായ പട്ടികജാതി വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുത്തതിലുള്ള ബാധ്യത തീർക്കുന്നതിനായി വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.778/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 22/03/2018

---

പരാമർശം :- (1) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 16.01.2018 ലെ 41-ാം നമ്പർ കൗൺസിൽ തീരുമാനം.

(2) നഗരകാര്യ ഡയറക്ടറുടെ 05.03.2018 ലെ ജി3-5242/2018-ാം നമ്പർ കത്ത്.

(3) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018 ൽ കൂടിയ യോഗത്തിന്റെ തീരുമാനം നമ്പർ 4.104.

**ഉത്തരവ്**

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ വിവിധ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ LAR കേസുകളിലായി ആകെ 2,03,71,827/- രൂപ നൽകാനുണ്ടെന്നും, കേന്ദ്രീയ വിദ്യാലയത്തിനായി ഭൂമി ഏറ്റെടുത്ത വകയിലും ചേരികളിൽ താമസിക്കുന്നതും ഭൂരഹിതരുമായ പട്ടികജാതി വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് മുണ്ടയ്ക്കൽ വില്ലേജിൽ ഭൂമി ഏറ്റെടുത്ത വകയിലുമാണ് LAR കേസു വന്നതെന്നും, ഈ തുക നൽകാൻ ഈ വർഷത്തെ ചെലവഴിക്കാൻ കഴിയാത്ത പ്രോജക്ടുകൾ ഒഴിവാക്കി ലഭിക്കുന്ന വികസനഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (2) കത്തിലൂടെ നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.104 ന്റെ അടിസ്ഥാനത്തിൽ, ചേരികളിൽ താമസിക്കുന്നവർക്കും ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്കും വേണ്ടി ഭൂമി ഏറ്റെടുത്തതിലുള്ള ബാധ്യത തീർക്കുന്നതിനായി , കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ നിർവ്വഹണ സാദ്ധ്യത ഇല്ലാത്ത പ്രോജക്ടുകൾ ഒഴിവാക്കി ലഭിക്കുന്ന വികസനഫണ്ടിൽ നിന്ന് തുക നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.. കേന്ദ്രീയ വിദ്യാലയത്തിനു വേണ്ടി ഭൂമി ഏറ്റെടുത്തതിന്റെ തുക നൽകാൻ വികസന ഫണ്ട് ഉപയോഗിക്കുവാൻ പാടില്ല എന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മേയർ/സെക്രട്ടറി, കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ. (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.